പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6576** **21.11.2019 ൽ മറുപടിയ്ക്ക്**

## പുത്തൻ കരിശ് വികലാംഗ സഹകരണസംഘം ഓഫീസ് കെട്ടിടനിർമ്മാണത്തിന് ഭൂമി

**ചോദ്യം**
**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**
**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | പുത്തൻ കരിശ് വികലാംഗ സഹകരണ സംഘം ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി 10 സെന്റ് ഭൂമി പതിച്ച് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; | (എ) സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഭൂമി പതിച്ച് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന അപേക്ഷകൾ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്ത് അയയ്ക്കേണ്ടതില്ല എന്നും ഇത് സംബന്ധിച്ച് തുടർന്നു വന്നിരുന്ന നടപടി ക്രമങ്ങൾ നിർത്തിവയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 12.06.2006-ൽ 48925/എ 1/06/റവ നമ്പർ കത്ത്, 12.03.2013 ലെ 10665/എ 1/13/റവ നമ്പർ കത്ത് എന്നിവ മുഖേന നൽകിയിട്ടുള്ള നിർദ്ദേശം നിലവിലും പ്രാബല്യത്തിലുള്ളതാണ്. കൂടാതെ 27/07/2011 ലെ ജി.ഒ(എം.എസ്) നം. 280/2011/റവ ഉത്തരവ് പ്രകാരവും സ്ഥാപനങ്ങൾക്കും സംഘടനകൾക്കും സർക്കാർ ഭൂമി പതിച്ചു നൽകേണ്ടതില്ലെന്ന നിർദേശം നിലനിൽക്കുന്നു. ആയതിനാൽ പുത്തൻ കരിശ് വികലാംഗ സഹകരണ സംഘം ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി 10 സെന്റ് ഭൂമി പതിച്ച് നൽകാൻ നിർവ്വാഹമില്ല. |
| (ബി) | റവന്യൂ പുറമ്പോക്കുഭൂമി പതിച്ചു നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് നൽകാമോ; | (ബി) യും (സി) യും<br>റവന്യൂ പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. ആവശ്യമില്ല. |
| (സി) | എറണാകുളം കളക്ടേറ്റിലെ L2 63175/5/11(2) എന്ന ഫയൽ തീർപ്പാക്കാൻ ഉണ്ടായ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ